LIBRARY ARCHIVES Kerala Legislative Assembly

കോട്ടത്തോടിലെ മാലിന്യ നിർമ്മാർജ്ജന പ്രവൃത്തി

85 (5433) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാവേലിക്കര മണ്ഡലത്തിലെ കോട്ടത്തോടിന്റെ മാലിന്യ നിർമ്മാർജ്ജന പ്രവൃത്തികൾക്ക് മലിനീകരണ നിയന്ത്രണ വകുപ്പിൽ നിന്നും തുക അനുവദിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ പ്രവൃത്തി നാളിതുവരെയായി ആരംഭിക്കാത്തതിന്റെ കാരണം വിശദമാക്കാമോ ;

(സി) പ്രസ്തുത പ്രവൃത്തി നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) പദ്ധതി എത്രയും പെട്ടെന്ന് നടപ്പാക്കണമെന്ന് മാവേലിക്കര നഗരസഭയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

പൊതുസ്ഥലങ്ങളിൽ മാലിന്യങ്ങൾ ഉപേക്ഷിക്കുന്നവർക്കെതിരെ നടപടി

86 (T.*5434)ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുസ്ഥലങ്ങൾ വൃത്തികേടാക്കുന്നത് തടയുന്നതിന് പ്രത്യേക നിയമം നിലവിലുണ്ടോ ; എങ്കിൽ പൊതു നിരത്തുകളും മറ്റ് പൊതുസ്ഥലങ്ങളും വൃത്തികേടാക്കുന്നവർക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത് ;

(ബി) വീടുകളിലെയും ഫ്ലാറ്റുകളിലെയും മറ്റ് വ്യാപാര സ്ഥാപനങ്ങളിലെയും മാലിന്യങ്ങൾ വാഹനങ്ങളിൽ കൊണ്ടുവന്ന് നിരത്തുകളിലും മറ്റ് പൊതുസ്ഥലങ്ങളിലും ഉപേക്ഷിക്കുന്നവർക്കെതിരെ നിലവിൽ ഏത് നിയമത്തിന്റെ അടിസ്ഥാനത്തിലാണ് നടപടി സ്വീകരിക്കുന്നത്;

(സി) മാലിന്യം വലിച്ചെറിയുന്നവർക്കെതിരെയും പരിസ്ഥിതിയ്ക്ക് ഹാനികരമായ പ്ലാസ്റ്റിക് ഉത്പന്നങ്ങൾ ഉത്പാദിപ്പിക്കുകയും വിപണനം ചെയ്യുകയും ചെയ്യുന്നവർക്കെതിരെയും ശക്തമായ നടപടികൾ സ്വീകരിക്കുമോ?

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

ഉത്തരം

(എ) 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 340 പ്രകാരവും 1994-ലെ കേരള പഞ്ചായത്ത് നിയമം സെക്ഷൻ 219 എൻ പ്രകാരവും പൊതുസ്ഥലങ്ങളിലും നിരത്തുകളിലും മാലിന്യം വലിച്ചെറിയുന്നത് നിരോധിച്ചിട്ടുണ്ട്. സ.ഉ.(കൈ.)നമ്പർ 176/2015/തസ്വഭവ. തീയതി 26-5-2015 പ്രകാരം മാലിന്യം നിയമവിധേയമല്ലാതെ നിക്ഷേപിക്കുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കണമെന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്.

(ബി&സി) 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട്, കേരള പഞ്ചായത്തീരാജ് ആക്ട് എന്നിവ പ്രകാരം വീടുകളിലെയും ഫ്ലാറ്റുകളിലെയും മറ്റ് വ്യാപാര സ്ഥാപനങ്ങളിലെയും മാലിന്യങ്ങൾ വാഹനങ്ങളിൽ കൊണ്ടുവന്ന് നിരത്തുകളിലും പൊതുസ്ഥലങ്ങളിലും ഉപേക്ഷിക്കുന്നവർക്കെതിരെ നടപടിയെടുക്കേണ്ടത് അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ്. മിക്ക നഗരസഭകളും ഇക്കാര്യത്തിൽ നടപടികൾ സ്വീകരിക്കുന്നുണ്ട്.

നഗരാസൂത്രണത്തിൽ ജനാധിപത്യ സമിതികൾക്ക് പങ്കാളിത്തം

87 (5435) ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. പാലോട് രവി :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നഗരാസൂത്രണത്തിൽ ജനാധിപത്യ സമിതികൾക്ക് പങ്കാളിത്തം വ്യവസ്ഥ ചെയ്യുന്ന പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ?

ഉത്തരം

(എ) ജനാധിപത്യ സമിതികളുടെ പങ്കാളിത്തത്തോടെയാണ് സംസ്ഥാനത്ത് നഗരാസൂത്രണ പദ്ധതികൾ (മാസ്റ്റർ പ്ലാനുകൾ, വിശദ നഗരാസൂത്രണ പദ്ധതികൾ എന്നിവ) തയ്യാറാക്കുന്നത്. ഇതിനായി അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ Spatial Integration Committee (SIC), Working Groups എന്നിവ രൂപീകരിക്കാറുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly